# വിഷൻ 2016: ബീഹാറിൽ വിദ്യാർഥികൾക്ക് അനുമോദനം

**യു.പി,** ബംഗാൾ, ആസാം സംസ്ഥാനങ്ങൾക്കു ശേഷം പത്താംതരം പരീക്ഷയിൽ മികച്ച വിജയം നേടിയ ബീഹാറിലെ 449 മുസ്‌ലിം വിദ്യാർഥികളെ ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ അനുമോദിച്ചു. കേരളത്തിലെ പി.എം ഫൗണ്ടേഷനുമായി ചേർന്ന് നടത്തിയ പരിപാടി പട്നയിലെ ശ്രീകൃഷ്ണ മെമ്മോറിയൽ ഹാളിൽ നടന്നു. സംസ്ഥാനത്തെ ആദ്യ മൂന്ന് റാങ്കുകാരെയും അനുമോദിച്ചു.




● *പട്ന ഹൈക്കോടതിയിലെ ജ: നയ്യർ ഹസൻ അനുമോദന ചടങ്ങിൽ*

പട്ന ഹൈക്കോടതി ജഡ്ജി ജ. നയ്യർ ഹസൻ മുഖ്യാതിഥിയായിരുന്നു. ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഇസ്‌ലാമിൽനിന്ന് ഉത്ഭവിച്ചവ ആയിരുന്നിട്ടും, മുസ്‌ലിം വിദ്യാർഥികൾക്ക് കഴിവ് ഒട്ടും കുറവല്ലാതിരുന്നിട്ടും വിദ്യാഭ്യാസത്തിൽ മുസ്‌ലിം സമൂഹം പിന്നാക്കമാകുന്നത് പരിശോധനക്ക് വിധേയമാക്കണമെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ വിഭവങ്ങളെയും കഴിവുകളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടു. ഇക്കാര്യത്തിൽ ഇനിയും ഉണർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ സമുദായത്തിന്റെ സർവനാശമായിരിക്കും ഫലം. ബീഹാറിൽ ഇത്തരം മാതൃകാപരമായ പരിപാടിക്ക് നേതൃത്വം നൽകിയ ഹ്യൂമൻ വെൽഫയർ ഫൗണ്ടേഷനെയും പി.എം ഫൗണ്ടേഷനെയും അദ്ദേഹം അഭിനന്ദിച്ചു.

ജ.ഇ ദേശീയ ഡെപ്യൂട്ടി അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ അധ്യക്ഷത വഹിച്ചു. ഖുദാ ബക്ഷ് ഓറിയന്റൽ ലൈബ്രറി ഡയറക്ടർ ഡോ. ഇംതിയാസ് അഹ്മദ്, പട്ന സർവകലാശാല പ്രൊ. വൈസ് ചാൻസലർ പ്രഫ. എസ്.ഐ ഹസൻ, മൗലാന മസ്ഹറുൽ ഹഖ്, അറബിക്-പേർഷ്യൻ സർവകലാശാല വി.സി പ്രഫ. ഖമർ അഹ്സൻ, മൗലാനാ ഷമീം മുഹേമി, അഖ്തറുൽ ഈമാൻ എം.എൽ.എ, ശിവാനന്ദ് തിവാരി എം.പി, അർഷദ് അജ്മൽ, ഡോ. തൻവീർ ഹസൻ എം.എൽ.സി, അഭയാനന്ദ് എ.ഡി.ജി.പി, ജ.ഇ സംസ്ഥാന അമീർ ഖമറുൽ ഹുദ തുടങ്ങിയവർ സംബന്ധിച്ചു.

# സെമിനാർ സംഘടിപ്പിച്ചു

**'ന്യൂനപക്ഷങ്ങളുടെ** വിദ്യാഭ്യാസ അവകാശങ്ങൾ' എന്ന വിഷയത്തിൽ അസോസിയേഷൻ ഓഫ് ജാർഖണ്ഡ് മുസ്‌ലിം മൈനോറിറ്റി എഡ്യൂക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻസ് സെമിനാർ സംഘടിപ്പിച്ചു. റാഞ്ചിയിൽ നടന്ന സെമിനാർ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമീഷൻ ചെയർമാൻ ജസ്റ്റിസ് എം.എസ്.എ സിദ്ദീഖി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഭരണഘടനയിൽ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുന്ന പല വകുപ്പുകളും ഉണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തുന്നതിൽ മുസ്‌ലിം സമുദായം ഏറെ പിന്നിലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ന്യൂനപക്ഷ പദവിക്ക് വേണ്ടിയുള്ള അപേക്ഷകളിൽ മുസ്‌ലിം സ്ഥാപനങ്ങളുടേത് കേവലം 7 ശതമാനം മാത്രമാണ്. വിദ്യാഭ്യാസ നിലവാരവും സ്ഥാപന ഭരണവും മെച്ചപ്പെടുത്തിയേ മതിയാകൂ – അദ്ദേഹം പറഞ്ഞു. ജാർഖണ്ഡ് ന്യൂനപക്ഷ വകുപ്പ് മന്ത്രി ഹാജി ഹുസൈൻ അൻസാരി, ഡോ. ഷാബിഷ്താൻ ഗഫ്ഫാർ (ചെയർമാൻ, കമ്മിറ്റി ഓൺ ഗേൾസ് എഡ്യൂക്കേഷൻ), ഡോ. ഗുൽഫാം മുജീബി (ചെയർമാൻ, സംസ്ഥാന ന്യൂനപക്ഷ കമീഷൻ), അഹ്മദ് അഷ്ഫാഖ്, സുഹൈൽ അൻവർ തുടങ്ങിയവർ സംബന്ധിച്ചു.




● *റാഞ്ചിയിൽ സംഘടിപ്പിച്ച ന്യൂനപക്ഷ വിദ്യാഭ്യാസ സെമിനാർ*

# ദേശീയ ന്യൂനപക്ഷ ദിനം- സമ്മേളനത്തിൽ കൈയാങ്കളി

**ദേശീയ** ന്യൂനപക്ഷ ദിനമായ ഡിസംബർ 18-ന് ലഖ്നോവിൽ സംസ്ഥാന ന്യൂനപക്ഷ വകുപ്പ് സംഘടിപ്പിച്ച പൊതുപരിപാടിയിൽ കൈയാങ്കളി. മദ്റസാ അധ്യാപകർ തങ്ങൾക്ക് ലഭിക്കുന്ന തുഛമായ വേതനത്തെക്കുറിച്ച് ബഹളം വെച്ചതോടെയാണ് പരിപാടി ബഹളത്തിലേക്ക് നീങ്ങിയത്.

സംസ്ഥാന ന്യൂനപക്ഷ കമീഷൻ ചെയർമാൻ ലിയാഖത്ത് അലി യു.പിയിൽ നടപ്പാക്കുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികളെക്കുറിച്ച് വിവരിക്കവെയാണ് മദ്റസാ അധ്യാപകർ പ്രതിഷേധിച്ചത്. “2000 രൂപകൊണ്ട് കുടുംബം പോറ്റാൻ ആവില്ല, ന്യൂനപക്ഷത്തിന്റെ പേരിൽ വർണാഭമായ ചടങ്ങുകൾ നടത്തി സമുദായത്തെ വഞ്ചിക്കുന്നു” തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തി മദ്റസാ അധ്യാപകർ ഹാറൂൺഖാന്റെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി. ഹാറൂൺ ഖാനെ പിടിച്ച് പുറത്തേക്ക് തള്ളിയതോടെ പ്രതിഷേധം കൈയാങ്കളിയിലെത്തി.

പിന്നീട് സംഘാടകർ ഇടപെട്ട് രംഗം നിയന്ത്രിക്കുകയും ഹാറൂൺ ഖാന് സംസാരിക്കാൻ അവസരം നൽകുകയും ചെയ്തു.

സംസ്ഥാന ന്യൂനപക്ഷ വകുപ്പ് മന്ത്രി അനീസ് അഹ്മദ് ഖാൻ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് ഉറപ്പ് നൽകി.

വിവിധ ന്യൂനപക്ഷ വിഭാഗങ്ങൾ ഐക്യപ്പെട്ട് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ലക്നോ ക്രിസ്റ്റ്യൻ കോളേജിലെ റോക്കി ജോൺ സംസാരിച്ചു.

ന്യൂനപക്ഷ ദിനാചരണത്തിന്റെ ഭാഗമായി കൊൽക്കത്തയിൽ ‘നയാ സമാന’ എന്ന സംഘടനയും ആൾ ഇന്ത്യാ മുസ്‌ലിം യൂത്ത് ഫെഡറേഷനും കൺവെൻഷനുകൾ സംഘടിപ്പിച്ചു.

## തമിഴ്നാട് വഖ്ഫ്ബോർഡ് ഐ.എ.എസ് കോച്ചിംഗ് നൽകുന്നു

**തമിഴ്നാട്** വഖ്ഫ് ബോർഡും സോഷ്യോ-ഇക്കണോമിക്-എഡ്യൂക്കേഷണൽ ഡവലപ്മെന്റ് ട്രസ്റ്റും ചേർന്ന് ചെന്നൈ ന്യൂകോളേജിൽ ഐ.എ.എസ് കോച്ചിംഗ് ആരംഭിച്ചു. മുസ്‌ലിം വിദ്യാർഥികൾക്ക് പരിശീലനം സൗജന്യമാണ്. 50 ഏക്കർ സ്ഥലത്ത് മെഡിക്കൽ കോളേജ് തുടങ്ങാനും വഖ്ഫ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

## വീണ്ടും ശിയാ-സുന്നി സംഘർഷം

**‘നവാബുമാരുടെ** നഗര’ത്തിന് നാണക്കേടുണ്ടാക്കി വീണ്ടും ശിയാ-സുന്നി സംഘർഷം. മുഹർറം 10 നോടനുബന്ധിച്ച് നടന്ന പ്രകടനങ്ങളും സമ്മേളനങ്ങളുമാണ് ലക്നോവിൽ രണ്ടിടത്ത് സംഘർഷങ്ങൾക്ക് വഴിവെച്ചത്. ശിയാ വിഭാഗം വൈകുന്നേരം നടത്തിയ പ്രകടനത്തിനു നേരെ അക്ബരി ഗേറ്റിനടുത്ത് വെച്ച് സുന്നിവിഭാഗം അസഭ്യം പറയുകയും കല്ലെറിയുകയും ചെയ്തു എന്നാണ് പരാതി. ഇതേത്തുടർന്ന് സംഘർഷത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. പിന്നീട് ഒരു പ്രകടനത്തിൽ കൂടി ഇത് ആവർത്തിച്ചു.

ജില്ലാ മജിസ്ട്രേറ്റ് എ.കെ സാഗർ ഇരു വിഭാഗം നേതാക്കളെയും അനുരഞ്ജന യോഗത്തിന് ക്ഷണിച്ചു. മൗലാനാ കൽബെ ജവാദ്, മൗലാനാ ഹമീദുൽ ഹസൻ, മൗലാനാ അലി നാസിർ സഈദ് അബഖതി, ആഗാറൂഹി എന്നിവർ ശിയാ വിഭാഗത്തെയും മൗലാനാ ഖാലിദ് റഷീദ് ഫാറംഗി മഹലി, മൗലാനാ അഹ്മദ് അദീബ് എന്നിവർ സുന്നി വിഭാഗത്തെയും പ്രതിനിധീകരിച്ചു. യോഗശേഷം ഇരുവിഭാഗം നേതാക്കളും സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു.

**അബ്ബാദ്**